കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തൃത്താല ഗ്രാമപഞ്ചായത്ത്

## 2016-17 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

email: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ്ചീട്ട് സഹിതം)

നമ്പർ കെഎസ്എ പികെഡി 20-1694/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ കാര്യാലയം,പാലക്കാട് .

തീയതി : 19.09.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

തൃത്താല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃത്താല ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു..

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നമ്പർ കെഎസ്എ പികെഡി 20-1694/2017 തീയതി 19.09.2017.

## പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന്

വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-09-2016 മുതൽ 05-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.പി.എം.രതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ.

ഓഡിറ്റിന് വിനിയോഗിച്ച സമയം : 7-8-2017 മുതൽ 16-8-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ, |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡൻറ് :

| പേര് | കാലയളവ് |
|---|---|
| ശ്രീ.എ.കൃഷ്ണകുമാർ | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.എ.മോഹനൻ | 1-4-16 മുതൽ 14-7-16 വരെ |
| ശ്രീ.സുരേഷ് ബാബു, JS<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 15-7-16 മുതൽ 26-7-16 വരെ |
| ശ്രീമതി.എം. ബിജിമോൾ,JS<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 27-7-16 മുതൽ 02.09.16 വരെ |
| ശ്രീ.പി.വിജയകുമാരൻ<br>(സെക്രട്ടറി,അഡീ.ചാർജ്ജ്) | 03-09-16 മുതൽ 4-1-17 വരെ |
| ശ്രീ.എം.ഡി.വർഗ്ഗീസ് | 5-1-17 മുതൽ 31-7-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.ഷിദി.എൻ.പി | 1-4-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.പി.സുനിൽ | 1-4-16 മുതൽ 31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.യു.എം.സരസ്വതി | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീമതി.പി.സ്മിത | *1-4-2016 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ബിജുമോൻ ജോസഫ് | *1-4-2016 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിബി. കെ.എസ് | *1-4-2016 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീലത വി | *1-4-2016 മുതൽ 31-3-17 വരെ* |
| വെറ്ററിനറി സർജൻ | ഡോ.അരുൺ പ്രസാദ് | *1-4-2016 മുതൽ 31-3-17 വരെ* |
| ഹെഡ്മ് മാസ്റ്റർ | ശ്രീ.വിജയ കുമാരൻ | *1-4-2016 മുതൽ 31-3-17 വരെ* |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | ശ്രീമതി.അങ്കിത ആന്റോ | *1-4-2016 മുതൽ 31-3-17 വരെ* |
| അസി.സെക്രട്ടറി | ശ്രീമതി.എം.ബിജി മോൾ, | *1-4-2016 മുതൽ 31-3-17 വരെ* |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്
ഭരണസമിതിയുടെ 29.03.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2016 | 4-07-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 11-08-2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 17657263 | 44160093 | 61817356 | 41773870 | 20043486 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കി യിരിപ്പ് | ചെലവു ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10225628 | 10225628 | 9053485 | 1172143 | 0 | 88.53 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9769824 | 9769824 | 7031638 | 2738186 | 0 | 71.97 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 11579 | 11579 | 0 | 11579 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2529426 | 2529426 | 0 | 2529426 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2768385 | 2768385 | 923564 | 1844821 | 0 | 33.36 |
| KLSGDP | 0 | 3334106 | 3334106 | 852146 | 2481960 | 0 | 25.55 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4044231 | 4044231 | 2848799 | 1195432 | 0 | 70.44 |
| MGNREGS | 292 | 14714680 | 14714972 | 14714972 | 0 | 0 | 100 |
| ബി ഫണ്ട് | 0 | 84480 | 84480 | 84480 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 226 | 52398770 | 97 | 20709632 | 5 | 129 | 42.92 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ്/ ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4273261 | 6343439 | 207078 | (+)4.84 |
| നികുതിയേതര വരവുകൾ | 833702 | 994298 | 160596 | (+)19.26 |
| മറ്റുവരവുകൾ | 319048 | 340906 | 21858 | (+)6.85 |
| ആകെ | 5426011 | 7678643 | 2252632 | (+)41.51 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനമെടുത്തവയിൽ നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 8 | 8 | 2 |
| 2 | തൊഴിൽ രഹിത വേതനം | --- | --- | --- |
| 3 | വിധവാ പെൻഷൻ | 95 | 95 | 6 |
| 4 | വികലാംഗ പെൻഷൻ | 36 | 36 | 2 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 11 | 3 |
| 6 | വാർദ്ധക്യകാല പെൻഷൻ | 417 | 417 | 55 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-8-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11543/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പ്രക്യൂർമെന്റ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിരസഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ തൻവർഷം 70 രൂപ (സർ.സഹകരണബാങ്ക്,തൃത്താല ac/- no.11571) മാത്രമാണ് വരവുള്ളത്. ആകെ 770 രൂപയാണ് അക്കൗണ്ടിലുള്ളത്. തൻവർഷം ഈ ഇനത്തിൽ ചെലവൊന്നും നടന്നിട്ടില്ല. ദുരിതാശ്വാസനിധി കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21-7-2017 | 06/2017 | ലഭിച്ചിട്ടില്ല | ---- |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 22-05-2004 മുതൽ 03-06-2004 വരെ | 1997-98 മുതൽ 2003-04 വരെ | 30-9-04 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.സി.ബി -കണക്കുകൾ AFSമായി പൊരുത്തപ്പെടാത്തതു സംബന്ധിച്ച്

തൊഴിൽ നികുതി, ഡിആന്റ് ഒ ലൈസൻസ് - വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിലെ കണക്കുകളും , ഡി. സി.ബി. രജിസ്റ്ററിലെ കണക്കുകളും തമ്മിലും, വസ്തു നികുതി വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിലെ Income & Expenditure സ്റ്റേറ്റ്മെന്റിലെ ,ഷെഡ്യൂൾ 1-1 ലെ ഡമാന്റ് തുകയും സഞ്ചയ പ്രകാരമുള്ള ഡിമാന്റ്തുകയും തമ്മിലും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഇനം | AFS പ്രകാരം തുക | ഡി.സി.ബി/ സഞ്ചയ പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|
| 1 | തൊഴിൽ നികുതി(Employees) | 1527741 | 1527350 | 391 |
| 2 | ഡി ആന്റ് ഒ | 92130 | 149430 | 57300 |
| 3 | വസ്തു നികുതി | 3616839 | 12938195 (സഞ്ചയ പ്രകാരം) | 9321356 |

മേൽ പറഞ്ഞ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.13/16-8-17) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

I. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ , അവയിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മേഴത്തൂർ ക്ഷീരോൽപ്പാദകസഹകരണ സംഘം-മേഴത്തൂർ |
| 2 | തൃത്താല ക്ഷീരോൽപ്പാദകസഹകരണ സംഘം, തൃത്താല |
| 3 | വി.കെ.കടവ് ക്ഷീരോൽപ്പാദകസഹകരണ സംഘം, വി.കെ. കടവ് |
| 4 | ഞാങ്ങാട്ടിരി ക്ഷീരോൽപ്പാദകസഹകരണ സംഘം, ഞാങ്ങാട്ടിരി |
| 5 | ബി.എസ്.എൻ.എൽ, തൃത്താല |
| 6 | തൃത്താല സർവ്വീസ് സഹകരണ ബാങ്ക്- കൺസ്യൂമർ ഫെഡ് - പലചരക്ക കട, തൃത്താല |
| 7 | തൃത്താല സർവ്വീസ് സഹകരണ ബാങ്ക്-കാർഷികോൽപ്പന്ന വിൽപ്പന കേന്ദ്രം- തൃത്താല |

| | |
|---|---|
| 8 | തുത്താല സർവ്വീസ് സഹകരണ ബാങ്ക്- നീതി മെഡിക്കൽ സ്റ്റോർ, തുത്താല |
| 9 | തുത്താല സർവ്വീസ് സഹകരണ ബാങ്ക്- നീതി മെഡിക്കൽ ലാബോറട്ടറി, തുത്താല |
| 10 | തുത്താല സർവ്വീസ് സഹകരണ ബാങ്ക്-വളം ഡിപ്പോ, തുത്താല |
| 11 | തിരുമിറ്റക്കോട് സർവ്വീസ് സഹകരണ ബാങ്ക്- വളം-ഡിപ്പോ |
| 12 | കരിങ്കൽ ക്വാറി- അബ്ദുൽ മജീദ് പി.വി. ,തുത്താല |
| 13 | കരിങ്കൽ ക്വാറി- പി.വി. അഷറഫ്, കോട്ടപ്പാടം |
| 14 | കരിങ്കൽ ക്വാറി- നിഷാദ്. പി.വി. തുത്താല |
| 15 | മെഡിക്കൽ സ്റ്റോർ- NB മെഡിക്കൽസ്, സൗത്ത് തുത്താല |
| 16 | മെഡിക്കൽ സ്റ്റോർ- കേരള ഡ്രഗ്ഗ് ഹൗസ്- തുത്താല |
| 17 | മെഡിക്കൽ സ്റ്റോർ- ദയ മെഡിക്കൽസ്, ഞാങ്ങാട്ടിരി |
| 18 | മെഡിക്കൽ സ്റ്റോർ- ദേവി മെഡിക്കൽസ്, തുത്താല |
| 19 | മെഡിക്കൽ സ്റ്റോർ- ശ്രീ നാരായണ മെഡിക്കൽസ്-മേഴത്തൂർ |
| 20 | പാഴിയോട്ടുമന , ഫുഡ് ഡ്രിംഗ്സ്, മേഴത്തൂർ- |
| 21 | പാഴിയോട്ടുമന ഫുഡ് പ്രൊഡക്ട്സ്, മേഴത്തൂർ |

ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ടി സ്ഥാപനങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. തുത്താല പോലീസ് സ്റ്റേഷൻ- താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമനം | ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും | അർദ്ധ വർഷം | ആകെ അർദ്ധവർഷ ശമ്പളം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | രമണി കുമാരി, PTS | I 2016-17 | 65400 | 450 | 600 | 150 |
| 2 | ടി | II 2016-17 | 66840 | 450 | 600 | 150 |

കുറവുവന്ന തുക മേൽ പറഞ്ഞ വ്യക്തിയിൽ നിന്നോ, വരവ് നഷ്ടത്തിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം.

## 2-3 ഡി ആന്റ് ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

1994- ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്- സെക്ഷൻ 232 – 1996-ലെ കേരള പഞ്ചായത്ത് രാജ് ഡി ആന്റ് ലൈസൻസ് ചട്ടങ്ങൾ ചട്ടം -18 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക 3 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാം. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കിയതിൽ പ്രസ്തുത പട്ടിക പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | കുതിര ശക്തി | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അനുഗ്രഹ ടിംബർ പ്രൊഡക്ട്സ്, മേഴത്തൂർ | 35 HP | 200 | 400 | 200 |
| 2 | ഷബ്ന റൈസ് മിൽ, കോടനാട്, മേഴത്തൂർ | 20 HP | 200 | 300 | 100 |
| 3 | ബിസ്മില്ല അവിൽ & ഫ്ലവർ മിൽ, ഞാങ്ങാട്ടിരി | 40HP | 100 | 500 | 400 |
| 4 | കെ.വീസ് ഫാർമസ്യൂട്ടിക്കൽസ്, മേഴത്തൂർ | 38 HP | 300 | 400 | 100 |
| | | ആകെ കുറവ് | | | 800 രൂപ |

ഇത് സംബന്ധിച്ച് 16.08.17-ലെ 10- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിക്കപ്പെട്ടില്ല. ആയതിനാൽ കുറവു വന്ന തുക 800 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം

## 2-4 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് GO(Rt)No.2640/12/LSGD തിയതി 19-9-2012 പ്രകാരം ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 10 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കാത്തവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം. | ടവറിന്റെ ഉടമ | സ്ഥാപിച്ച വർഷം | കെട്ടിട നമ്പർ | കുടിശ്ശിക (പലിശ സഹിതം) |
|---|---|---|---|---|---|
| 1 | 15 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലി. | 2007-08 | 246C | 51600 |
| 2 | 2 | ടാറ്റാ ടെലി സർവ്വീസസ് .ലി | 2007-08 | II/632A | 31580 |
| 3 | 11 | വോഡഫോൺ, എസ്സാർ സെല്ലുല്ലാർ ലി. | 2007-08 | 262A | 34832 |
| 4 | 2 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2007-08 | 632B | 31580 |
| 5 | 5 | ഇൻഡസ് ടവേഴ്സ് പ്രൈ.ലി | 2007-08 | 179/A | 52249 |

| | | | | | |
|---|---|---|---|---|---|
| 6 | 11 | ബി.എസ്.എൻ.എൽ | 2008-09 | 401A | 50568 |
| 7 | 6 | ഇൻഡസ് ടവേഴ്സ് | 2009 | 65C | 47025 |
| 8 | 6 | ടാറ്റാ ടെലികമ്മ്യൂണിക്കേഷൻ ലി. | 2009 | 88/A | 44818 |
| 9 | 6 | ഇൻഡസ് ടവേഴ്സ് | 2008-09 | 88B | 47025 |
| | | | | ആകെ | 391277 |

മേൽപ്പറഞ്ഞ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ നടപടി ക്രമങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 2-5 മെഡിക്കൽ സ്ഥാപനങ്ങൾ - പാരാ-മെഡിക്കൽ രജിസ്ട്രേഷൻ ചട്ടങ്ങളനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 269, 269 A,B,C,D, 270 ,271, 1997-ലെ കേരളാ പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ - 3,4,5 ,6,7,8 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും,പാരാമെഡിക്കൽ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ തൃത്താല ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ, മേൽ പറഞ്ഞ നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം രജിസ്റ്റർ

ചെയ്തു പ്രവർത്തിക്കുന്നില്ലെന്ന് കാണുന്നു. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്മേൽ 5000 രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

രജിസ്ട്രേഷൻനടത്താതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സി.എൻ.എസ്. ഹൈടെക് മെഡിക്കൽ ലാബ്, മേഴത്തൂർ |
| 2 | ജീവ ആയുർവേദ ഫാർമസി & ക്ലിനിക്ക് , തൃത്താല |
| 3 | നീതി മെഡിക്കൽ ലാബോറട്ടറി, തൃത്താല സർവ്വീസ് സഹകരണ ബാങ്ക്, തൃത്താല |

മേൽപറഞ്ഞ സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു എന്നുറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുന്നപക്ഷം നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ മരാമത്തു പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി അനുവദിക്കപ്പെട്ട കാലാവധിയിൽ അധികരിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതമായ മുഴുവൻ പിഴയും ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും ആദ്യത്തെ മൂന്നു മാസത്തിന് 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1)പ്രവൃത്തി :സുധാകരൻപടി റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം: So 45/17

അടങ്കൽ : 200000/-(തനതു ഫണ്ട്)

പി.എ.സി. : 199076/-

ചെലവ് : 199980/-

കരാറുകാരൻ : സി.കെ.ഷൌഫീദ്

എം. ബുക്ക് നം. : 158/15-16

ചെക്ക് നം.422651/25-10-16

എഗ്രിമെന്റ് തീയതി : 19-9-2015

പൂർത്തീകരിക്കേണ്ട തീയതി : 31.03.2016

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 30-8-2016

ഈടാക്കേണ്ട പിഴ :

1.04.16മുതൽ 30-06-16 വരെ: 199076 x1%=1990

1.07.16മുതൽ 30-8-2016 വരെ:199076x2%x60/90=2654

ആകെ : 4644

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി പിഴ : 4644

2)പ്രവൃത്തി :മഞ്ഞപ്പറ്റമന-ലിങ്ക് റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം: So 234/16

അടങ്കൽ : 165000/-(തനതു ഫണ്ട്)

പി.എ.സി. : 164127/-

ചെലവ് : 165000/-

കരാറുകാരൻ : ശ്രീ സി.കെ.ഷൌഫീദ്

എം. ബുക്ക് നം. : 141/15-16

ചെക്ക് നം.422651/25-10-16

എഗ്രിമെന്റ് തീയതി : 19-9-2015

പൂർത്തീകരിക്കേണ്ട തീയതി : 31.03.2016

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 26-7-2016

ഈടാക്കേണ്ട പിഴ :

1.04.16മുതൽ 30-6-16 വരെ: 164127 x1%=1641

ആകെ : =1641

ഈടാക്കിയ പിഴ : 012604

ഈടാക്കാൻ ബാക്കി പിഴ : =1641

3)പ്രവൃത്തി :പല്ലങ്ങാട്ടുകളം റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം: So 46/1712604

അടങ്കൽ : 200000/-(തനതു ഫണ്ട്)

പി.എ.സി. : 198885/-12604

ചെലവ് : 199980/-

കരാറുകാരൻ : സി.കെ.ഷൌഫീദ്

എം. ബുക്ക് നം. : 51/16-17

ചെക്ക് നം.422651/25-10-16

എഗ്രിമെന്റ് തീയതി : 19-9-2015

പൂർത്തീകരിക്കേണ്ട തീയതി : 31.03.2016

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 23-9-2016

ഈടാക്കേണ്ട പിഴ :12604

1.04.16മുതൽ 30-6-16 വരെ: 198885 x1%=1989

1.07.16മുതൽ 23-9-16വരെ: 198885 x2%x84/90=3712

ആകെ : 5701

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി പിഴ : 5701

മേൽപറഞ്ഞ മൂന്ന് പ്രവൃത്തികളിൽ നിന്നുമായി ആകെ ഈടാക്കേണ്ടിയിരുന്ന തുക 13007 രൂപ (4644+1641+1021+5701) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിൽ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(എം.എസ് )നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ഡി പ്രകാരം കുടിവെള്ള പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം ഒറ്റ പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിക്കണം. ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുവാൻ പാടില്ല. മോട്ടോർ സ്ഥാപിക്കൽ, പമ്പ്ഹൌസ്, പൈപ്പ് ലൈൻ, ടാപ്പുകൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ ഇനങ്ങൾ ഒഴിവാക്കി കുഴൽകിണർ മാത്രം കുഴിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2015-16 വർഷത്തിൽ ഭാഗികമായി ആവിഷ്കരിച്ച കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് | ബിൽ നം. / തിയതി |
|---|---|---|---|
| 1 | 36/17-നായൻകുന്ന് SCകോളനി മിനി കുടിവെള്ള പദ്ധതി<br>എം.ബുക്ക്.നം.157/16-17<br>കരാറുകാരൻ-പി.കെ. അഭിലാഷ് | 100000 | 2/11-11-2016 തുക-90,577 |

ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി തുടർ പദ്ധതികൾ ഒറ്റ പ്രോജക്ടായി ആവിഷ്കരിച്ച

നടപ്പിലാക്കേണ്ടതാണ്.

## 3-3 തെരുവു വിളക്ക് റിപ്പയർ -അപാകതകൾ

തെരുവു വിളക്ക് റിപ്പയർ (123/17)

അടങ്കൽ 450000/-(തനതുഫണ്ട്)

ചെലവ്

150000/pv-21600575/10-11-2016

150000/pv 21600950/7-3-2017

133160/pv 21601059/30-3-2017

ആകെ ചെലവ് 433160രൂപ

പഞ്ചായത്ത് ബോർഡിന്റെ 21-7-2016ലെ 10 നമ്പർ തീരുമാന പ്രകാരം അബ്ദുറഹ്മാൻ എന്ന കരാറുകാരന്റെ കരാർ അംഗീകരിച്ചിട്ടുണ്ട്.ഈ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്

1)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തെരുവു വിളക്ക് റിപ്പയർ സംബന്ധിച്ച സർക്കുലറിൽ നിർദ്ദേശിക്കുന്ന പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)തെരുവു വിളക്ക് രജിസ്റ്റർ (ഇനം,പോസ്റ്റ് നമ്പർ സഹിതമുള്ളത് )സൂക്ഷിച്ചിട്ടില്ല

3)വാർഡ് മെമ്പർമാർ സ്വന്തം ലെറ്റർ പാഡിൽ വിളക്കുകളെല്ലാം നേരെയാക്കിയെന്ന അവ്യക്തമായ (വിളക്കുകളുടെ എണ്ണം പേസ്റ്റ് നമ്പർ,ഇനം എന്നിവ കാണിക്കാത്ത) സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് .

4)കെ.എസ്.ഇ.ബി.എൻജിനീയറുടെ സാക്ഷ്യപത്രമില്ല
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.4/9-8-17)ഇക്കാര്യം പരാമർശിക്കാത്ത മറുപടിയാണ്പഞ്ചായത്ത് നൽകിയിട്ടുള്ളത്

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തെരുവു വിളക്ക് റിപ്പയർ സംബന്ധിച്ച സർക്കുലറിൽ നിർദ്ദേശിക്കുന്ന പരാതി രജിസ്റ്റർ, തെരുവുവിളക്ക് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

2)തെരുവു വിളക്ക് രജിസ്റ്റർ (ഇനം,പോസ്റ്റ് നമ്പർ സഹിതമുള്ളത് )സൂക്ഷിക്കേണ്ടതാണ്

3)കെ.എസ്.ഇ.ബി.എൻജിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

മുകളിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-4 ജനറേറ്റർ വാങ്ങിയത് ഇനിയും ഉപയോഗക്ഷമമായിട്ടില്ല

പദ്ധതി നമ്പർ 192/17

പഞ്ചായത്തിലേക്ക് ജനറേറ്റർ വാങ്ങൽ

ഫണ്ട് - സി.എഫ്.സി

ചെലവ് - 310000/-

പേമന്റ് വൗച്ചർ -21601075/- 31-3-2017

ഗ്രാമപഞ്ചായത്തിലെ വൈദ്യുതിയാവശ്യത്തിനായി ചിപ്പെറ്റ് കമ്പ്യൂട്ടർ & അദർ ആക്സസറീസ് എന്ന സ്ഥാപനത്തിൽ നിന്നും 10kvജനറേറ്റർ 192/17നമ്പർ പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്.ഈ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) 31-3-2017ന് ജനറേറ്റർ ലഭ്യമായെങ്കിലും ഓഡിറ്റ് തിയതി വരെ ഉപകരണം ഉപയോഗിച്ചിട്ടില്ല.

2)ജനറേറ്റർ സൂക്ഷിക്കാനുള്ള പ്ലാറ്റ്ഫോമുള്ള അടച്ചുറപ്പുള്ള സൗകര്യംഉണ്ടാക്കാതെയാണ് ജനറേറ്റർ

വാങ്ങിയിട്ടുള്ളത്. ആയതിനാൽ നിലവിൽ ഈ ഉപകരണം പഞ്ചായത്തിലേക്ക് കയറി പോകുന്ന ഗോവണിയുടെ അടിയിലാണ് സൂക്ഷിച്ചിരിക്കുന്നത്.

3) ഈ സ്ഥലം പൊതുജനങ്ങൾ ബസ്സ് കാത്തു നിൽക്കുന്ന സ്ഥലമായി ഉപയോഗിക്കുന്നതാണ്. ഉപകരണത്തിന് ആവശ്യമായ സുരക്ഷയില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

ഇക്കാര്യം എക്സിറ്റ് മീറ്റിങ്ങിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചത് 2017-18 സാമ്പത്തിക വർഷത്തിൽ ഷെഡ്ഡിനുള്ള പദ്ധതി അംഗീകരിച്ച് കിട്ടിയിട്ടുണ്ടെന്നും ഉടനെ പണി ആരംഭിക്കുമെന്നുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ആവശ്യമായ പഠനങ്ങൾ നടത്തിയിട്ട് വേണം പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടത്.

2)പദ്ധതി നടത്തിപ്പ് അവസാനമാസങ്ങളിലേക്ക് നീട്ടി വെക്കാതെ നിഷ്കർഷിച്ച സമയത്ത് തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കളത്തിൽപ്പടി കുടിവെള്ളപദ്ധതി, ചെറുക്കുന്നിൽ കുടിവെള്ളപദ്ധതി, പണ്ടാരക്കുന്ന് മണ്ണാരക്കുണ്ട് കുടിവെള്ളപദ്ധതി എന്നിവയുടെ വൈദ്യുതി ചാർജിനത്തിൽ 66841രൂപയും,പമ്പ് ഓപ്പറേറ്ററുടെ വേതനമിനത്തിൽ 18000 രൂപയും ,റിപ്പയർ ഇനത്തിൽ 9600 രൂപയും കൂടി ആകെ 94441 രൂപ 2016-17 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. 30-5-2009 ലെ സർക്കാർ ഉത്തരവ് (സാ) നമ്പർ 1275/2009 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 3-ാം നമ്പർ നിർദ്ദേശം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറണമെന്ന നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. അടിയന്തിരമായി ഈ കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്. നിലവിൽ കുടിവെള്ളപദ്ധതികളിൽ നിന്നും ഗ്രാമ പഞ്ചായത്തിന് വരവൊന്നുമില്ലാത്തതിനാൽ പഞ്ചായത്ത് നേരിട്ട് നടത്തുന്ന ഈ കുടിവെള്ളപദ്ധതികൾ അടിയന്തിരമായി ഗുണഭോക്തൃസമിതികൾക്ക് കൈമാറി വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിൽ ഇത്തരത്തിൽ ചെലവു ചെയ്യുന്ന ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി പരിഗണിക്കുന്നതാണ്.

## 3-6 വ്യക്തിഗത കക്കൂസ് നിർമാണം-പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

വ്യക്തിഗത കക്കൂസ് നിർമാണം( ODFപ്രത്യേക പ്രൊജക്ട് നിർവഹണത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ നിർമാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

യൂണിറ്റ് കോസ്റ്റ് -15400/-

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നം | കൈപ്പറ്റിയ തുക | ബാക്കി | ബാങ്കിന്റെ പേരും അക്കൗണ്ട് നമ്പറും |
|---|---|---|---|---|---|
| 1 | അംബിക , പണ്ടാരക്കുണ്ടിൽ, തൃത്താല | 15 | 7700 | 7700 | ഫെഡറൽ ബാങ്ക്, തൃത്താല<br>A/C No 16970100044003 |
| 2 | സുന്ദരി, നടുവിൽപ്പടി, തൃത്താല | 4 | 7700 | 7700 | കനറാ ബാങ്ക്, തൃത്താല<br>A/C No 0742108031486 |
| 3 | ശങ്കരൻ, മേഴത്തൂർ പറമ്പിൽ,തൃത്താല | 2 | 7700 | 7700 | കനറാ ബാങ്ക്, തൃത്താല<br>A/C No 074210831458 |
| 4 | കല്യാണി , കുറുപ്പത്ത്യാർ കളരിക്കൽ,തൃത്താല | 14 | 7700 | 7700 | കനറാ ബാങ്ക്, തൃത്താല<br>A/C No 074211900022 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 <u>ഭവനം റിപ്പയർ - പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ- പണിപൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം</u>

2016-17 സാമ്പത്തിക വർഷത്തിൽ ഭവനം റിപ്പയർ പ്രവൃത്തിക്ക് ധനസഹായം നൽകുന്നതിന വേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുകയോ, മൂല്യനിർണ്ണയ സാക്ഷ്യ പത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

യൂണിറ്റ് കോസ്റ്റ് 15000 രൂപ

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നം | കൈപ്പറ്റിയ തുക | ബാക്കി | ബാങ്കിന്റെ പേരും അക്കൗണ്ട് നമ്പറും |
|---|---|---|---|---|---|
| 1 | തങ്കം , വേളാത്ത് , തൃത്താല | 2 | 7500 | 7500 | കനറാ ബാങ്ക് , തൃത്താല<br>A/C No 074210292 |
| 2 | റംല, പാലറത്തൊടിയിൽ | 1 | 7500 | 7500 | ഫെഡറൽബാങ്ക്, തൃത്താല |

| | | | | | |
|---|---|---|---|---|---|
| | | | | | A/C No 17050100351 |
| 3 | വിലാസിനി, ചെമ്പ്ര- വളപ്പിൽ | 8 | 7500 | 7500 | SBI കുറ്റനാട് A/C No 20152562911 |
| 4 | ഭാസ്കരൻ വടകക്കീട്ടിൽ തൃത്താല | 10 | 7500 | 7500 | ഫെഡറൽ ബാങ്ക്, പട്ടാമ്പി A/C No 1412010012201 |
| 5 | മനോഹരൻ പണ്ടാരിപ്പറമ്പിൽ, | 3 | 7500 | 7500 | SBI, തൃത്താല A/C No 67092417882 |
| 6 | വിലാസിനി , അരിയക്കാട്ട് വളപ്പിൽ | 10 | 7500 | 7500 | SBI, തൃത്താല A/C No 67245970700 |
| 7 | പാത്തുമ്മ, കള്ളിവളപ്പിൽ | 4 | 7500 | 7500 | ഫെഡറൽബാങ്ക്, തൃത്താല A/C No 170501000259 |
| 8 | മുംതാസ് , പരുവാരത്ത്, തൃത്താല | 4 | 7500 | 7500 | ഫെഡറൽബാങ്ക്, തൃത്താല A/C No 1948091506 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മൂല്യ നിർണ്ണയ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തി പൂർത്തീകരിപ്പിക്കുകയോ, തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-8 ബഡ്സ് സ്കൂളിന് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ-സ്കൂൾ ആരംഭിക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തണം.

പ്രൊജക്ട് നമ്പർ 133/17

നിർവ്വഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ
അടങ്കൽ തുക 271900 രൂപ

ചെലവ് 255289 ( ബിൽനം 11/17 തീ.31.3.17- തുക-189042

ബിൽ നം.17/17 തീ.31.3.17തുക-66247

ആകെ- 255289 രൂപ

പഞ്ചായത്ത് പരിധിയിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനമെന്ന നിലയിൽ , വികസന ഫണ്ടിൽ നിന്നും 255289 രൂപ ചെലവഴിച്ച് സ്കൂളിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫർണ്ണിച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്കൂളിന്റെ ആവശ്യത്തിന് ഒരു കെട്ടിടം

വാടകയ്ക്ക് എടുത്തിട്ടുണ്ടെന്നും , അധ്യാപകരെ തെരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ തൽക്കാലം വാടകക്കെട്ടിടത്തിലും പഞ്ചായത്ത് ഓഫീസിലുമായി സൂക്ഷിച്ചിരിക്കുകയാണെന്നും താമസിയാതെ സ്കൂൾ പ്രവർത്തിച്ചു തുടങ്ങുമെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തി സ്കൂൾ പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-9 പ്രേരകുമാരുടെ വേതനം റീ ക്ലൂപ്പ് ചെയ്തിട്ടില്ല

2016-17സാമ്പത്തിക വർഷത്തിൽ സാക്ഷരത പ്രേരകുമാർക്ക് വേതനമിനത്തിൽ 87884 രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ഈയിനത്തിൽ തുകയൊന്നും സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-10 അംഗൻവാടി പോഷകാഹാരം -കേന്ദ്ര വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 55742 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് സമർപ്പിച്ച രേഖകളുടെ പരിശോധനയിൽ, ഈയിനത്തിൽ 2012-13 മുതൽ തുക അവശേഷിക്കുന്നതായി കാണുന്നുണ്ട്. ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബാലൻസ് തുക |
|---|---|
| 2012-13 | 541472 |
| 2013-14 | 541472 |
| 2014-15 | 426710 |
| 2015-16 | 239724 |
| 2016-17 | 55742 |

സർക്കുലർ നമ്പർ 39033/ഡി.സി.2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈയിനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ ടി തുക നാളിതുവരെ വിനിയോഗിക്കുന്നതിന് പ്രൊജക്ടുകൾ തയ്യാറാക്കപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽ പറഞ്ഞ തുക സർക്കുലറിൽ നിർദ്ദേശിച്ച ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുവാനുള്ള ഊർജിത ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

## 3-11 അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.3.2011 ലെ 31055/ഡി.സി.2/2011.ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക

(സി) പ്രകാരം എല്ലാ വർഷവും മെയ് 10 -നകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസിയർ വാടക

കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ്സ് നൽകേണ്ടതുമാണ്. യാതൊരു കാരണ വശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികളിൽ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ ഭരണ സ്ഥാപനം/ കെട്ടിടമുടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ വിലയരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30- നകം ഫിറ്റ്നസ്സ് ഉറപ്പാക്കുകയും വേണം. ആയതിനാൽ അംഗൻവാടി കെട്ടിടങ്ങൾ പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ പഞ്ചായത്തും നിർവ്വഹണോദ്യോഗസ്ഥയും സ്വീകരിക്കേണ്ടതാണ്. സാങ്കേതിക വിഭാഗത്തിൽ നിന്ന്ഫിറ്റ്നസ്സ് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, പ്രത്യേകം ശ്രദ്ധനൽകേണ്ടതും, ആയവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-12 തുത്താല ഗ്രാമ പഞ്ചായത്ത്- അംഗൻവാടികൾ -അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

| | |
|---|---|
| പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആകെ അംഗൻവാടികളുടെ എണ്ണം | 28 |
| സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 23 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 23 |
| ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവയുടെ എണ്ണം | 1 |
| ചുറ്റു മതിൽ ഉള്ളവയുടെ എണ്ണം | 17 |
| വൈദ്യുതി ഉള്ളവയുടെ എണ്ണം | 18 |
| കുടിവെള്ളം ലഭ്യമായവ | |
| പൈപ്പ് ലൈൻ | 16 |
| കിണർ | 2 |
| മറ്റു സ്രോതസ്സുകൾ | 10 |
| ഒറ്റമുറിയിൽ പ്രവർത്തിക്കുന്നവ | 1 |
| കെട്ടിടം നിർമിക്കുന്നതിന്സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ | 2 |
| കെട്ടിടം നിർമിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കുന്നതിന് സാധ്യതയുള്ളവ | ഇല്ല |
| ഗ്യാസ് കണക്ഷൻ ഉള്ളവ | 28 |
| ആവശ്യത്തിന് പാത്രങ്ങളും ഫർണിച്ചറുകളും ലഭ്യല്ലാത്ത അംഗൻവാടികളുടെ എണ്ണം | ഇല്ല |
| അംഗൻവാടികളിൽ ലഭ്യമായ ഇലക്ട്രോണിക്/ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വിവരം( കമ്പ്യൂട്ടർ ടേപ്പ് റെക്കോഡർ/ റേഡിയോ/ ഫാൻ മുതലായവ | 1 |

| | |
|---|---|
| ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിവരം | ഇല്ല |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വാടക നൽകുന്ന സ്ഥാപനം | സാമൂഹ്യ നീതി വകുപ്പ് |
| അംഗൻവാടി കുട്ടികളുടെ ശരാശരി എണ്ണം | 368 |

അംഗൻവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ വർധിപ്പിക്കുന്നതിനും അപര്യാപ്തതകൾ പരിഹരിക്കുന്നതിനും പഞ്ചായത്ത് ഫണ്ടിലവശേഷിക്കുന്ന പോഷകാഹാരത്തിനുള്ള കേന്ദ്രവിഹിതം വിനിയോഗിക്കേണ്ടതാണ്.

## 3-13 THRS ലാബ് റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 50000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 230/17—ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുകനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | ചെലവ് വിശദാംശം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD | അംഗൻവാടി വയറിംങ് (149/17) | Fund transfer | 202500 | 202500 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KSEB | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ (171/17) | Fund transfer | 19938 | 19938 | ---do--- |
| KSEB | അംഗൻവാടി വയറിംങ് (191/17) | Fund transfer | 30050 | 30050 | ---do--- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 196304 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 196304 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| പലിശ | 17748 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 214052 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം/ തിയതി |
|---|---|---|
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, തൃത്താല ബ്രാഞ്ച് | 214052 | 0606840/ 30-11-2015 |

## 4-6 ഓഡിറ്റ് റിക്കവറി.

ഈ ഇനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3-43 | 2015-16 | 4.2 | ഗുണഭോക്തൃസമിതി തെരഞ്ഞെടുപ്പ് -അപാകതകൾ | നടപടികൾ തുടരുന്നു |
| ---ടി--- | 3-38 | ---ടി--- | 5.2.1(ഇ) | കമ്പ്യൂട്ടർ അറ്റകുറ്റപ്പണികൾക്ക് AMC പരിഗണി ക്കുന്നില്ല | ---ടി--- |
| ----ടി--- | 3-38 | ---ടി--- | 5.2.1(ജി) | ടി.എമാർ അവശ്യരേഖകൾ സൂക്ഷിക്കുന്നില്ല | ---ടി--- |
| ---ടി--- | 3-1 | ---ടി--- | 8.17 | കുടുംബശ്രീ തൊഴിൽ പരിശീലനപദ്ധതികൾ സബ്സിഡി മാർഗ്ഗരേഖക്ക് | |

| | | | | | |
|---|---|---|---|---|---|
| | | | | വിരുദ്ധം | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44160093 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41773870 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13007 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 13007 | ശ്രീ.എൻ.പി.ഷിധി, അസി. എഞ്ചിനീയർ |
| ആകെ | 13007 | |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.പി.ഷിധി, അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ, നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് | നാലുപുരക്കൽ വീട്, കണ്ടാണശ്ശേരി പി.ഓ, തൃശ്ശൂർ ജില്ല,-680102 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1996-97 | LF P10-979/99/27.05.00 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | LF P10-354/00/19.08.00 | -ടി- |
| 1998-99 | LF P9-495/02/07.09.02 | -ടി- |
| 1999-00 | LF P11-943/04/21.06.05 | -ടി- |
| 2000-01 | LF P11-1440/08/03.08.09 | -ടി- |
| 2001-02 | LF P11-1441/08/03.08.09 | -ടി- |
| 2002-03 | LF P11-1442/08/03.08.09 | -ടി- |
| 2003-04 | LF P11-1161/09/24.02.10 | -ടി- |
| 2004-05 | LF P11-1162/09/09.03.10 | -ടി- |
| 2005-06 | LF P11-1163/09/24.02.10 | -ടി- |
| 2006-07 | LF P11-1164/09/09.03.10 | -ടി- |
| 2007-08 | LF P11-1165/09/09.03.10 | -ടി- |
| 2008-09 | LF P11-840/12/15.06.12 | -ടി- |
| 2009-10 | LF P11-841/12/15.06.12 | -ടി- |
| 2010-11 | LF P20-842/12/15.06.12 | -ടി- |
| 2011-12 | LF P20-268/14/07.10.14 | -ടി- |
| 2012-13<br>2013-14<br>2014-15 | KSA PKD/20/1559/18-2-16 | -ടി- |
| 2015-16 | KSA PKD/8/307/2017/27-4-17 | |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

**1**

## അനുബന്ധം

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നമ്പർ കെഎസ്എ പികെഡി 20-1694/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.
തീയതി 19.09.2017.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

ന്യൂനതകളുടെ സംഗ്രഹം

1. കെട്ടിടനികുതി,തൊഴിൽ നികുതി വിശദാംശങ്ങൾവാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
2. ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ.

No.KSA PKD 20-1694/2017

Kerala State Audit Department,
District Audit Office,Palakkad.
Date: 19.09.2017.

*Audit Certificate*

Certified that I have examined the Annual Financial Statement of THRITHALA GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of THRITHALA GRAMA PANCHAYATH prepared in accordance with Section

Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015 -2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director.

Abstract of defects

1. The details of accounts of building tax as per demand register is not reconcilled with the annual financila statement submitted for audit.
2. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director.